"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല, കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അനുഷ. വി യ്ക്ക് 2024 സെപ്റ്റംബർ 27 ന് ഡൽഹിയിൽ വച്ച് നടന്ന ബെസ്റ്റ് ടൂറിസം വില്ലേജ് അവാർഡ്ദാന ചടങ്ങിൽ പങ്കെടുക്കുവാൻ നടത്തിയ വിമാന യാത്രയ്ക്ക് സാധൂകരണം നൽ കിയും, ചിലവിനത്തിൽ ആവശ്യമായ 23,562/- രൂപ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1336/2025/LSGD തീയതി,തിരുവനന്തപുരം, 30-05-2025

---

പരാമർശം:-

1. 18.09.2024 തീയതിയിലെ Joint Director General , Ministry Of Tourism Govt. Of India-ൽ നിന്നുള്ള D.O.No.NT-1502/11/2024-PD നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നുള്ള 26.09.2024, 01.11.2024, 15.05.2025 തീയതികളിലെ LSGD/PD/33711/2024-EER2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കടലുണ്ടി ഗ്രാമപഞ്ചായത്തിന് ബെസ്റ്റ് ടൂറിസം വില്ലേജ് അവാർഡ്(Responsible Tourism Category) സ്വീകരിക്കുന്നതിന് 2024 സെപ്റ്റംബർ 27 ന് ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ശ്രീമതി. അനുഷ. വി പങ്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം ക്ഷണം ലഭിച്ചിരുന്നു. ശ്രീമതി അനുഷ. വി ഡൽഹിയിലേയ്ക്ക് നടത്തിയ വിമാന യാത്രയ്ക്ക് അനുമതി ലഭ്യമാക്കുന്നതിനും, താമസം, യാത്ര മുതലായ ചിലവിനത്തിൽ 23,562/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. 27.09.2024 തീയതിയിൽ നടന്ന ബെസ്റ്റ് ടൂറിസം വില്ലേജ് അവാർഡ്ദാന ചടങ്ങിൽ കടലുണ്ടി ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ്,

ശ്രീമതി. അനുഷ. വി ഡൽഹിയിലേയ്ക്ക് നടത്തിയ വിമാന യാത്രയ്ക്ക് സാധൂകരണം നൽകിയും, താമസം, യാത്ര മുതലായ ചിലവിനത്തിൽ ആവശ്യമായ 23,562/- (ഇരുപത്തിമൂന്നായിരത്തി അഞ്ഞൂറ്റി അറുപതി രണ്ട് രൂപ മാത്രം) രൂപ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതിയും നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ചിത്ര പി അരുണിമ കെ എ എസ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, കടലുണ്ടി ഗ്രാമപഞ്ചായത്ത് , കോഴിക്കോട് ജില്ല.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/150/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
Date: 02-06-2025 09:35:09

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.